CAREERS360

# KERALA SSLC SOCIAL SCIENCE (MALAYALAM MEDIUM)

## QUESTION PAPER 2020

(Pages : 4) + Outline Map of India

**S 1518**

# SSLC EXAMINATION, MARCH - 2020

## SOCIAL SCIENCE

(Malayalam)

Time : 2½ Hours

Total Score : 80

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- **Part - A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **Part - B** യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

## Part - A

**Score**

1. ഏറ്റവും ഉയരം കൂടിയ ഹിമാലയ പർവ്വത നിര : **1**

   (a) ലഡാക്ക് (b) ഹിമാചൽ

   (c) സിവാലിക് (d) ഹിമാദ്രി

2. ഫോർവേർഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടിയുടെ സ്ഥാപകന്റെ പേരെഴുതുക. **1**

   (a) ജയപ്രകാശ് നാരായൺ (b) സുഭാഷ് ചന്ദ്രബോസ്

   (c) ഭഗത് സിങ് (d) അരുണാ ആസഫലി

3. ദേശീയ തലത്തിൽ ഭരണതലത്തിലും ഉദ്യോഗസ്ഥ തലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനത്തിന്റെ പേര് : **1**

   (a) ലോകായുക്ത (b) ഓംബുഡ്സ്മാൻ

   (c) ലോക്പാൽ (d) സംസ്ഥാന വിജിലൻസ് കമ്മീഷൻ

4. ഇന്ത്യയിലെ പൊതുമേഖലയിലുള്ള ആദ്യത്തെ ഇരുമ്പുരുക്ക് വ്യവസായശാല : **1**

   (a) ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി

   (b) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്

   (c) വിശ്വേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ വർക്ക്സ് ലിമിറ്റഡ്

   (d) ടാറ്റാ ഇരുമ്പുരുക്ക് കമ്പനി

5. സഹകരണം, സ്വയം സഹായം, പരസ്പര സഹായം എന്ന പ്രവർത്തന തത്വം ഉള്ള ബാങ്കുകൾ : **1**

   (a) വികസന ബാങ്കുകൾ (b) മഹിളാ ബാങ്കുകൾ

   (c) പെയ്മെന്റ് ബാങ്കുകൾ (d) സഹകരണ ബാങ്കുകൾ

Score

6. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക. 4

| എ | ബി |
|---|---|
| ജി. പി. പിള്ള | സവർണ ജാഥ |
| ഡോ: പൽപ്പു | നിവർത്തന പ്രക്ഷോഭം |
| സി. കേശവൻ | മലയാളി മെമ്മോറിയൽ |
| മന്നത്ത് പത്മനാഭൻ | ഈഴവ മെമ്മോറിയൽ |

7. ഇന്ത്യയിലെ ശൈത്യകാലത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? 3

8. വിവരാവകാശ നിയമം 2005-ന്റെ പ്രാധാന്യം വ്യക്തമാക്കുക. 3

9. സമൂഹശാസ്ത്ര പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക. 3

10. ഇന്ത്യയിലെ കൽക്കരി ഉൽപാദനത്തെ സംബന്ധിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക. 3

11. ഭാരതീയ റിസർവ്വ് ബാങ്കിന്റെ ധർമ്മങ്ങൾ എന്തെല്ലാം ? 3

12. ഗാന്ധിജി ഇടപെട്ട ചമ്പാരൻ, ഖേഡ സത്യാഗ്രഹങ്ങളെക്കുറിച്ച് വിശദീകരിക്കുക. 4

13. ബജറ്റ് എന്നാൽ എന്ത് ? മൂന്നു തരം ബജറ്റുകൾ വിശദമാക്കുക. 4

14. റയട്ട്വാരി വ്യവസ്ഥയും മഹൽവാരി വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം എഴുതുക. 4

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(A) കാവേരി നദി
(B) ഛോട്ടാ നാഗ്പൂർ പീഠഭൂമി
(C) കച്ച് ഉപദ്വീപ്
(D) കാരകോറം നിര

## PART - B

16. സ്വതന്ത്ര ഇന്ത്യയിലെ സംസ്ഥാന പുനസ്സംഘടനയെക്കുറിച്ച് ഒരു ലഘു കുറിപ്പ് എഴുതുക. 3

**അല്ലെങ്കിൽ**

രാജാറാം മോഹൻറായ് ഇന്ത്യൻ സമൂഹത്തെ ആധുനികവൽക്കരിക്കാൻ ശ്രമിച്ചത് എങ്ങനെയെന്ന് വിവരിക്കുക.

Score

17. സ്റ്റാൻഡേർഡ് സമയം എന്നാലെന്ത് ? ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം കണക്കാക്കു - ന്നതെങ്ങനെയെന്ന് വ്യക്തമാക്കുക. 3

**അല്ലെങ്കിൽ**

ചക്രവാതങ്ങൾ രൂപപ്പെടുന്നതെങ്ങനെ ? ഉത്തരാർദ്ധ ഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും ചക്രവാതങ്ങൾക്ക് എന്ത് വ്യത്യാസമാണുള്ളത് ?

18. വിശ്വഭാരതി സർവകലാശാല സ്ഥാപിച്ചത് ആര് ? അതിന്റെ പ്രത്യേകതകൾ എന്തെല്ലാം ? 3

**അല്ലെങ്കിൽ**

വിദേശ രാജ്യങ്ങളുടെ സഹായത്താൽ ഇന്ത്യയിൽ സ്ഥാപിച്ച ഏതെങ്കിലും മൂന്ന് ഇരുമ്പുരുക്ക് വ്യവസായശാലകളുടെ പേരെഴുതുക.

19. രാഷ്ട്ര രൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകമാണ് ഭൂപ്രദേശം. പ്രസ്താവന സാധൂകരിക്കുക. 4

**അല്ലെങ്കിൽ**

പൗരബോധം വളർത്തിയെടുക്കുന്നതിൽ ധാർമ്മികതയുടെ പങ്ക് വിശദീകരിക്കുക.

20. ജനസംഖ്യാപഠനം നടത്തുന്നത് എന്തിനെന്ന് വിശദമാക്കുക. 4

**അല്ലെങ്കിൽ**

ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുകയോ കബളിപ്പിക്കപ്പെടുകയോ ചെയ്യുന്ന സന്ദർഭങ്ങൾ വിശദമാക്കുക.

21. 'രാഷ്ട്രവും പൗരനും' എന്ന വിഷയത്തിൽ ഒരു ലഘു കുറിപ്പ് തയ്യാറാക്കുക. 4

**അല്ലെങ്കിൽ**

ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളും സഹകരണവും പൗരബോധത്തിന് അനിവാര്യമാണ്. ഉദാഹരണസഹിതം വിശദമാക്കുക.

22. ധരാതലീയ ഭൂപടങ്ങളിൽ സ്ഥലാകൃതി ചിത്രീകരിക്കുന്നത് കോണ്ടൂർ രേഖകളാലാണ്. 4

(i) കോണ്ടൂർ രേഖകൾ എന്നാലെന്ത് ?

(ii) ധരാതലീയ ഭൂപടങ്ങളിൽ കോണ്ടൂർ രേഖകളുടെ നിറമെന്ത് ?

(iii) കോണ്ടൂർ ഇടവേള എന്നാലെന്ത് ?

(iv) കോണ്ടൂർ രേഖകൾ തമ്മിലുള്ള അകലം സ്ഥലത്തിന്റെ ചരിവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

**അല്ലെങ്കിൽ**

ഭൂവിവരവ്യവസ്ഥയുടെ ആവൃത്തിവിശകലന സാധ്യത ഉദാഹരണസഹിതം സമർത്ഥിക്കുക. ഭൂവിവരവ്യവസ്ഥയുടെ മറ്റ് വിശകലന സാധ്യതകൾ ഏതെല്ലാം ?

Score

4

23. 1986 -ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന് പുറമേ ഉപഭോക്തൃ സംരക്ഷണത്തിനായുള്ള മറ്റു നിയമങ്ങൾ ഏവ ?

**അല്ലെങ്കിൽ**

വിദ്യാഭ്യാസം ഒരു രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുക.

5

24. ഋതുഭേദങ്ങൾക്കുള്ള പ്രധാന കാരണം സൂര്യന്റെ അയനമാണ്.

(i) എന്താണ് സൂര്യന്റെ അയനം ?

(ii) ഉത്തരായനം, ദക്ഷിണായനം എന്നിവ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

അന്തരീക്ഷ മർദ്ദവുമായി ബന്ധപ്പെട്ട് നല്കിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(i) അന്തരീക്ഷ മർദ്ദം എന്നാലെന്ത് ?

(ii) അന്തരീക്ഷ മർദ്ദം അളക്കുന്ന ഉപകരണമേത് ?

(iii) ഉയരം, താപനില, ആർദ്രത എന്നീ ഘടകങ്ങൾ അന്തരീക്ഷ മർദ്ദത്തെ എങ്ങനെ സ്വാധീനിക്കുന്നു ?

6

25. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിലേക്ക് നയിച്ച ഘടകങ്ങളെ വിവരിക്കുക.

**സൂചകങ്ങൾ :**

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ.
- കോണ്ടിനെന്റൽ കോൺഗ്രസ്.

**അല്ലെങ്കിൽ**

ജർമനിയിലെ നാസിസത്തിന്റെ വളർച്ച വിശകലനം ചെയ്യുക.

**പരിഗണിക്കേണ്ട മേഖലകൾ :**

- ജർമനിയിൽ ഹിറ്റ്ലറെ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ.
- ജർമനിയിൽ ഹിറ്റ്ലറുടെ നയങ്ങൾ.

- o 0 o -